LIBRARY ARCHIVES Kerala Legislative Assembly

3. കച്ചവടക്കാർ നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഗുരുവായൂരിൽ ദേവസ്വം ബോർഡ് ഒരു കൃ കോംപ്ലക്സ് നിർമ്മിക്കുന്നുണ്ട്. 120 കോടി രൂപയുടെ ഒരു പ്രോജക്ടാണെന്ന് പറയുന്നു. അമ്പതുവർഷത്തിലേറെയായി അവിടെ കച്ചവടം നടത്തുന്ന ധാരാളം ചെറുകിട കച്ചവടക്കാരെ ഒഴിപ്പിച്ചുകൊണ്ടാണ് കൃ കോംപ്ലക്സ് നിർമ്മിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ചില തർക്കങ്ങൾ അവിടത്തെ വ്യാപാരികളും ദേവസ്വം അധികൃതരും തമ്മിൽ നിലനിൽക്കുന്നുണ്ട്. ഈ പ്രശ്നം ചർച്ച ചെയ്ത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് ഞാൻ രണ്ടുതവണ നിവേദനം നൽകിയിരുന്നു. ഞാനും ശ്രീ. പി. എ. മാധവൻ, എം.എൽ.എ.യും സംയുക്തമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ നേരിട്ടുകണ്ടും ഈ ആവശ്യം ഉന്നയിച്ചിരുന്നു. ഒരു യോഗം വിളിച്ചുചേർക്കാമെന്ന് അദ്ദേഹം പറഞ്ഞിരുന്നതുമാണ്. എന്നാൽ ഈ തർക്കം പരിഹരിക്കുന്നതിനായി ഒരു യോഗം വിളിച്ചുചേർക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഇതുവരെ തയ്യാറായിട്ടില്ല. ഇത്തരത്തിലൊരു തർക്കം നിലനിർത്തിക്കൊണ്ട് ഗുരുവായൂർ പോലുള്ളൊരു സ്ഥലത്ത് നിർമ്മാണപ്രവർത്തനം നടത്തുന്നതിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതുകൊണ്ട് ഈ തർക്കം പരിഹരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം വിളിച്ചുചേർക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ കെ. വി. അബ്ദുൾ ഖാദർ ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഗുരുവായൂരിൽ കൃ കോംപ്ലക്സിന്റെ നിർമ്മാണം വർഷങ്ങളായി ഉയർന്നുവന്നിട്ടുള്ള ഒരാവശ്യമാണ്. അത് ആരംഭിക്കുന്നതിനുമുമ്പ് അവിടത്തെ വ്യാപാരികളുമായി ചർച്ച ചെയ്ത് അവർക്കുള്ള ആശങ്കകൾ കൂടി ഒഴിവാക്കണം എന്ന ആവശ്യം ശ്രീ. കെ. വി. അബ്ദുൾ ഖാദറും ശ്രീ. പി. എ. മാധവനും പറഞ്ഞിരുന്നു. ഞാൻ വകുപ്പുമന്ത്രിയുമായും ഗുരുവായൂർ ദേവസ്വം ബോർഡ് പ്രസിഡന്റുമായും ഇക്കാര്യം സംസാരിച്ചു. എത്രയുംവേഗം ഈ തർക്കം പരിഹരിക്കുന്നതിനായി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുന്നതാണ്.

4. ശമ്പളക്കമ്മീഷൻ റിപ്പോർട്ടിലെ അപാകത

ശ്രീ. കെ. എൻ. എ. ഖാദർ : സർ, പത്താം ശമ്പളക്കമ്മീഷൻ ശിപാർശകൾ പൊതുവെ ജീവനക്കാർക്ക് ഏറ്റവും പ്രയോജനം ചെയ്യുന്നതാണെങ്കിലും ധാരാളം അപാകതകളും അതിൽ കടന്നുകൂടിയിട്ടുണ്ട്. ഹയർസെക്കന്ററി അദ്ധ്യാപകരുടെ കൂട്ടത്തിൽ ജൂനിയർ, സീനിയർ തസ്തികകൾ തമ്മിലുള്ള സാമ്പത്തികമായ അന്തരം ഏതാണ്ട് 7000 രൂപയുടേതാണ്. ഒരേ യോഗ്യതയുള്ളവരും ഒരേ ജോലി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുന്നവരുമായ അദ്ധ്യാപകർക്കിടയിൽ വേതനത്തിൽ ഇത്ര ഭീമമായ വ്യത്യാസം സൃഷ്ടിക്കുന്നത് അനീതിയാണ്. 'തുല്യജോലിക്ക് തുല്യ വേതനം' എന്ന ഭരണഘടനാ സങ്കൽപ്പങ്ങൾക്ക് ഇത് വിരുദ്ധവുമാണ്. പ്രൊഫ. ലബ്ബാ കമ്മീഷൻ റിപ്പോർട്ട് ഉടൻ നടപ്പിലാക്കി അഞ്ചുവർഷം പൂർത്തിയാക്കിയ എല്ലാ ജൂനിയർ അദ്ധ്യാപകർക്കും സീനിയർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുവാനുള്ള നടപടികളും ഉടൻ സ്വീകരിക്കണം. ശമ്പളക്കമ്മീഷൻ ശിപാർശയിലെ അപാകതകൾ ചർച്ചചെയ്ത് പരിഹരിക്കുകയും ഹയർസെക്കന്ററിയിലെ ജൂനിയർ, സീനിയർ അദ്ധ്യാപകരുടെ നിലവിലുള്ള വേതനത്തിലെ അന്തരം കുറയ്ക്കുകയും ചെയ്യണമെന്ന ആവശ്യം ഞാൻ ഉന്നയിക്കുകയാണ്. അതേസമയം ജീവനക്കാരുടെ സംഘടനകളുമായി കൂടിയാലോചിച്ച് ശമ്പളക്കമ്മീഷൻ ശിപാർശകളിലെ മറ്റ് അനോമലികൾക്കും അതിവേഗം പരിഹാരം കാണേണ്ടതാണ്. അഞ്ചുവർഷത്തിലൊരിക്കൽ ശമ്പള പരിഷ്കരണം ഏർപ്പെടുത്തുന്നതിനുപകരം പത്തുവർഷത്തിലൊരിക്കൽ മതിയെന്നാണ് പത്താം ശമ്പളക്കമ്മീഷന്റെ ഒരു ശിപാർശ. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ യാതൊരു വിധത്തിലും അങ്ങനെയൊരു നടപടി സ്വീകരിക്കരുത്. ഇതിൽ പ്രധാനമായ ഒരു സാമ്പത്തിക അന്തരം ഹയർസെക്കന്ററി ജൂനിയർ, സീനിയർ അദ്ധ്യാപകർക്കിടയിലുണ്ട്. അത്രയും അന്തരം ഉണ്ടാകാൻ പാടില്ല. ഒരേ ജോലി ചെയ്യുന്നവരും ഒരേ യോഗ്യതയുള്ളവരും ഒരേ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരുമായ ഇവരെ രണ്ടായി തിരിച്ച് അവരുടെ ശമ്പളത്തിൽ ഏഴായിരം രൂപയുടെ വ്യത്യാസം വരുത്തുന്നത് വളരെ അപാകതയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾകൂടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, പത്താം ശമ്പളപരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇതുവരെ വിശദമായ ഒരു ചർച്ച മന്ത്രിസഭയിൽ നടത്തിയിട്ടില്ല. റിപ്പോർട്ടിന്റെ ആദ്യഭാഗം മാത്രമാണ് തന്നിരിക്കുന്നത്. രണ്ടാംഭാഗംകൂടി ലഭിക്കാനുണ്ട്. നമ്മുടെ ജീവനക്കാരുടെ ഭരണരംഗത്തെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള അവരുടെ പങ്കിനെയും പങ്കാളിത്തത്തെയും കുറിച്ചുള്ള ഭാഗം ഉടൻതന്നെ നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. മന്ത്രിസഭ ഇത് ചർച്ച ചെയ്തതിനുശേഷം ഒരു പ്രത്യേക പരിശോധന ഇതിനെക്കുറിച്ചുണ്ടാകും. അങ്ങനെയുള്ള അവസരത്തിൽ ശിപാർശകളിൽ വന്നിട്ടുള്ള അപാകതകൾ ചർച്ചചെയ്യാനും തീരുമാനമെടുക്കാനും സാധിക്കും. ഏത് ശമ്പളപരിഷ്കരണം വന്നാലും അതിൽ അനോമലി കാണും. അത് പരിഹരിക്കുന്നതിനുവേണ്ടി ഒരു സംവിധാനംകൂടി ശിപാർശകൾ നടപ്പിലാക്കുന്നതോടൊപ്പം ചെയ്യേണ്ടതായിട്ടുണ്ട്. അത് ചെയ്യും എന്നുപറയാൻ ആഗ്രഹിക്കുന്നു.